# പള്ളികഥകൾ

## മിനികഥകൾ മുപ്പത്തിനാല്

ജോയിക്കുട്ടി,

ജോസഫച്ചൻ പെട്ടന്ന തന്നെ അടുത്ത കഥയുമായി വരുമെന്ന് അറിയാമായിരുന്നു. കഴിഞ്ഞ കഥ പറഞ്ഞു കഴിഞ്ഞപ്പോൾ തന്നെ അതിന്റെ ലാഞ്ചന കണ്ടിരുന്നു. അച്ചന്റെ അടുക്കൽ വളരെയധികം സംഭവകഥകൾ ഉണ്ട്. അത് ആരോടെങ്കിലും പറയണമെന്ന് വളരെ ആഗ്രഹവുമുണ്ട്.

# അത്യാഹിതം

അമേരിക്കയിലുള്ള ഒരു വലിയ പള്ളിയിലേക്ക് ഒരു തിരുമേനി വന്നു. നാട്ടിൽ തന്നെ നല്ല ഒരു കുടുംബത്തിൽ ജനിച്ച് മെഡിസിന് പോയ് നല്ല നിലയിൽ പാസായിട്ട് ദീഘ്കാലം വടക്കേ ഇന്ത്യയിൽ ഡോക്ടറായി ജോലി നോക്കിയ ശേഷം അമേരിക്കയിൽ വന്ന് പ്രാക്ടീസു ചെയ്യുന്ന നല്ല മിടുക്കനായ ഒരു ഡോക്ടറാണ് ജോണി. വഷ്ങ്ങളേറെയായി അദ്ദേഹം അമേരിക്കയിലായിട്ട്. ഭാര്യ നേഴ്സായിട്ട് അമേരിക്കയിൽ വന്നതാണെങ്കിലും അവർ വളരെ കഠിനാദ്ധ്വാനം ചെയ്ത് പഠിച്ച് ബിഎസ്സ്സി നേഴ്സിംഗും കഴിഞ്ഞ് എംഎസ്സി നേഴ്സിംഗും പാസായ ശേഷം ഇപ്പോൾ പിഏ ആയി ജോലി ചെയ്യുകയാണ്. പ്രായമായ രണ്ട് ആൺമക്കൾ വഷങ്ങശക്ക മുമ്പ് തന്നെ മാതൃകാപരമായി വിവാഹവും കഴിഞ്ഞ് മാറി താമസിക്കുകയാണ്. ഡോക്ടർ ജോൺ മറ്റുള്ളവരെ സഹായിക്കാൻ വളരെ സന്തോഷമുള്ള ആളുമാണ്. തന്മൂലം ജനങ്ങൾക്ക് അയാളെ വളരെ കാര്യവുമാണ്. എല്ലാവരോടും വളരെ താഴ്മയോടും എളിമയോടും കൂടിയാണ് അയാൾ പെരുമാറുന്നതും. ഇങ്ങിനെ പണത്തിന് പണം പ്രതാപത്തിന് പ്രതാപം അങ്ങിനെ എല്ലാ വിധത്തിലും യോഗ്യമായ ഡോക്ടർ ജോണിന്റെ വീട്ടിലേക്കാണ് നമ്മുടെ മെത്രാച്ചന് താമസ സൗകര്യം ഏപ്പെടുത്തിയിരിക്കന്നത്. ഏകദേശം ഒരാഴ്ച കാലം മെത്രാച്ചൻ അവിടെ താമസമുണ്ട്. ജോൺ തീരെ സംസാരിക്കാത്ത കൂട്ടത്തിലാണ്. അദ്ദേഹത്തിന് സ്വന്തമായി ക്ലിനിക്കുള്ള കാരണം എല്ലാ ദിവസവും അവിടെ പോകേണ്ടതായിട്ടുണ്ട്. ഇത്രയുമധികം പ്രായമുണ്ടെങ്കിലും ഇപ്പോഴും പ്രാക്ടീസു ചെയ്യുന്നത് അദ്ദേഹത്തിന് വളരെ സന്തോഷം തന്നെയാണ്. ഭാര്യ റിട്ടയാഡ് ചെയ്യതു മൂലം വീട്ടിൽ ഉള്ളതു കാരണം മെത്രാച്ചന്റെ എല്ലാ കാര്യങ്ങളും നോക്കുന്നതിന് അവക്ക് ഇഷ്ടം പോലെ സമയവും അതുപോലെ സന്തോഷവുമാണ്. അവരുടെ വീടാണെങ്കിൽ എല്ലാ വിധ ആധുനീക സൗകര്യങ്ങളുമുള്ള വീടുമാണ്. പിന്നെ മെത്രാച്ചനെ കൂട്ടി അവിടേയും ഇവിടേയുമെല്ലാം പോകാൻ അച്ചനുമുണ്ട്. ഇതെല്ലാമാണ് കാര്യങ്ങളെങ്കിലും നമ്മുടെ മെത്രാച്ചന് വലിയ സന്തോഷമില്ല. ''സഭയിലെ ഒരു മെത്രാച്ചനായ ഞാൻ അവിടെ വന്നപ്പോൾ, അയാളുടെ വീട്ടിൽ താമസിക്കുമ്പോൾ മുഴുവൻ സമയവും എന്റെ കൂടെ അയാൾക്ക് എന്തുകൊണ്ട് ചിലവഴിച്ചു കൂടാ. അയാൾ ഡോക്ടറാണെന്നും പറഞ്ഞ് എപ്പോഴും തിരക്കിൽ നടക്കുന്നത് ശരിയാണോ. വേറെ ഡോക്ടറന്മാരെ വളരെ കണ്ടിട്ടുള്ളതാണല്ലോ ഞാൻ'' ഇങ്ങിനെയെല്ലാമുള്ള ആവശ്യമില്ലാത്ത നമ്മുടെ നാട്ടിലെ സംസ്ക്കാര ശൂന്യമായ ചിന്താഗതിയായിരുന്നു മെത്രാച്ചന്റെ മനസ്സിൽ. അവിടെയുള്ളവരുടെ കൂട്ടത്തിൽ ഏറ്റവും സൗകര്യമുള്ളതും ഏറ്റവും മാന്യവുമായ ഒരിടത്താണല്ലോ മെത്രാച്ചനെ താമസിപ്പിച്ചിരിക്കുന്നത് എന്ന ചിന്തയായിരുന്നു അച്ചന്. എന്നാൽ മെത്രാച്ചന്റെ മനസ്സിലെ കാര്യങ്ങൾ മനസ്സിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ് നമ്മുടെ നാട്ടിലെ ജനങ്ങളെപ്പോലെ ജോണിയുടെ ഭാര്യ മെത്രാച്ചന്റെ എല്ലാവിധമായ കാര്യങ്ങളിലും വളരെ ദത്തശ്രദ്ധയുമായിരുന്നു.

ഇത്രയും കാലം നാട്ടിൽ ജീവിച്ച മെത്രാച്ചന് രാത്രി തീരെ ഉറക്കമില്ല; പകൽ നല്ല ഉറക്കം വരുമെങ്കിലും പല വീടുകളിലും സന്ദശിക്കാനുള്ളതുകൊണ്ട് ഉറങ്ങാനും സാധിക്കത്തില്ല.
ഒരു ദിവസം രാത്രി പന്ത്രണ്ടു മണിയായപ്പോൾ മെത്രാച്ചന് കേരളത്തിലേക്ക് ഫോൺ ചെയ്യണമെന്ന് അതിയായ താല്പര്യം. ആ വീട്ടിൽ നിന്നും കേരളത്തിലേക്ക് നേരിട്ട് ഫോൺ ചെയ്യാനുള്ള സൗകര്യങ്ങളുമുണ്ട്. മെത്രാച്ചനോട് നാട്ടിലേക്ക് ഫോൺ ചെയ്യുന്നതിന് മുമ്പ് ജീറോ വൺ വൺ നയൺ വൺ എന്ന് ഡയൽ ചെയ്ത ശേഷം നാട്ടിലെ നമ്പർ ഡയൽ ചെയ്താൽ മതിയെന്ന് പറഞ്ഞു മനസ്സിലാക്കി. അദ്ദേഹം അത് വളരെ ശ്രദ്ധിച്ച് കേട്ടു മനസ്സിലാക്കി. അതിനു ശേഷം മെത്രാച്ചൻ ഡയൽ ചെയ്യാൻ തുടങ്ങി. ഉടനെ നിത്തിയിട്ട് ജോണിയോട് അത് ശരിയായി കിട്ടുന്നില്ലല്ലോ എന്ന് പരാതി പറഞ്ഞു. ജോണി ഉടനെ തന്നെ അത് ഒരു കടലാസ്സിൽ എഴുതിക്കൊടുത്തിട്ട് ഒരെണ്ണം ഡയൽ ചെയ്യും കൊടുത്തു. ദീഘ്നേരം മെത്രാച്ചൻ കേരളത്തിലേക്ക് സംസാരിച്ചതു കൂടാതെ തുടരെ തുടരെ പലരേയും വിളിച്ച് വത്തമാനം പറഞ്ഞ് വളരെ സന്തോഷിച്ചു.
അന്ന് രാത്രി ഏകദേശം ഒരു മണി കഴിഞ്ഞപ്പോൾ വീട്ടിലെ ഡോർ ബെൽ ആരോ അടിച്ചതു കൂടാതെ തുടരെ തുടരെ ആരോ കതികിനു മുട്ടുകയും ടോച്ചടിക്കുകയും ചെയ്യാൻ തുടങ്ങി. ജോണും ഭാര്യയും നല്ല ഉറക്കമായതായിരുന്നു. എന്നാൽ തുടച്ചയായുള്ള ഈ ബഹളം കാരണം എഴുന്നേറ്റു.
ജോണി വളരെ ദീഘ്ക്ഷമയുള്ളവനും ശാന്ത ശീലനുമായിരുന്നു. അയാൾ ആരോടെങ്കിലും ദേഷ്യപ്പെടുന്നതോ വഴക്കുണ്ടാക്കുന്നതും ആരും കണ്ടിട്ടില്ല. അതിരാവിലെ അഞ്ചുമണിക്ക് എഴുന്നേൽക്കുകയും രാത്രി പന്ത്രണ്ടു മണിക്ക് കിടക്കുകയും കൂടാതെ കഠിനാദ്ധ്വാനിയുമായിരുന്നു.
ജോണിയും ഭാര്യയും കൂടാതെ നമ്മുടെ മെത്രാച്ചനും ഈ ബഹളങ്ങൾ എല്ലാം കേട്ട് ഉണന്ന് താഴെ വന്നു. കതകു തുറന്നപ്പോൾ വെളിയിൽ വാതിൽക്കലായിട്ട് രണ്ട് പോലീസുകാർ നിൽക്കുന്നു. കൂടാതെ വീടിനു മുൻപിൽ ഒരു ആംബുലൻസും കൂടാതെ റോഡിൽ ഒരു ഫയർഫോഴ്സിന്റെ വണ്ടിയും ആൾക്കാരും. കാര്യമറിയാതെ ജോണിയും ഭാര്യയും ആകെ പരിഭ്രമിച്ചു.
''ഇവിടെ നിന്ന് ആരോ 911 വിളിച്ചു. പിന്നീട് യാതൊരു പ്രതികരണവും ഉണ്ടായില്ല. അവർ വളരെ കഷ്ടപ്പെട്ടാണ് ഈ വിലാസവും വീടും കണ്ടെത്തിയത്. ഇവിടെ നിന്ന് ആരെങ്കിലും 911 വിളിച്ചോ?''
ഉടനെ മെത്രാച്ചൻ പറഞ്ഞു ''ഞാൻ ഇന്ത്യയിൽ നിന്നു വന്ന ഒരു ബിഷപ്പാണ്. ഇപ്പോൾ ഇന്ത്യയിലേക്ക് ഫോൺ ചെയ്യാൻ ഇവർ പറഞ്ഞു തന്ന നമ്പർ തെറ്റിച്ച് അങ്ങിനെ ചെയ്തതാണ്'' യഥാത്ഥത്തിൽ ജീറോ വൺ വൺ നയൺ വൺ എന്ന് ഡയൽ ചെയ്യേണ്ടിയതിനു പകരമായി നയൺ വൺ വൺ എന്ന് ഡയൽ ചെയ്ത ശേഷം ജീറോ വൺ വൺ എന്ന് ഡയൽ ചെയ്തിട്ട് ബാക്കി നമ്പർ ഡയൽ ചെയ്തതാണ്''
വന്നവർ കാര്യങ്ങൾ മനസ്സിലാക്കിയശേഷം ഏതാനം പേപ്പറുകൾ പൂരിപ്പിച്ചശേഷം ജോണിയോട് ഒപ്പിടാൻ പറഞ്ഞു. അയാൾ അതെല്ലാം ഒപ്പിട്ടുകൊടുത്തു. ഏകദേശം ഒരു മാസം കഴിഞ്ഞപ്പോൾ സിറ്റിയിൽ നിന്നും കൂടാതെ പോലീസ് ഡിപ്പാട്ടുമെന്റിൽ നിന്നും ഓരോ പെനാൽറ്റി തുകയുടെ ബില്ല് ഡോക്ടർ ജോണിന് വന്നു. എന്നിട്ടും നമ്മുടെ മെത്രാച്ചനായിരുന്നു പരാതി ''അവരുടെ വീട്ടിൽ അദ്ധരാത്രിയിൽ പോലീസു വന്നു. രാത്രിയിൽ ശരിക്ക് ഉറങ്ങാനും സമ്മതിച്ചില്ല''